**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1893** **10.03.2020** - ൽ മറുപടിയ്ക്ക്

## കൈത്തിരി നാളം പദ്ധതി

ചോദ്യം

ശ്രീ.ജയിംസ് മാത്യു
ശ്രീ.പി.വി.അൻവർ
ശ്രീ.ആന്റണി ജോൺ
ശ്രീ.മുരളി പെരുനെല്ലി.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾക്കും പ്രളയത്തിനും ഇരയായവർക്ക് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് കൈത്തിരി നാളം എന്ന പേരിൽ പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ-യെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരമുള്ളവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായകമായ എന്തെല്ലാം തൊഴിൽ പരിശീലനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരി-ക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 1) ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ പഞ്ചായത്തിൽ ബാംബൂ കോർപ്പറേഷൻ, സൗജന്യമായി മുള ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ സ്റ്റൈപ്പെന്റോടുകൂടി (നാമമാത്രമായ) പരിശീലനം നൽകാനും ഇത്തരം പരിശീലനം സിദ്ധിച്ച വനിതകൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ബാംബൂ കോർപ്പറേഷൻ തന്നെ വിലകൊടുത്തു വാങ്ങുവാനും ഉള്ള ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു.<br>2) വയനാട് ജില്ലയിലെ ബ്രഹ്മഗിരി സൊസൈറ്റി ജില്ലയിൽ ഏറ്റവും കൂടുതൽ ദുരന്തം വിതച്ച മേഖലയിലെ ആദിവാസികൾക്ക് കന്നുക്കുട്ടി |

| | | | |
|---|---|---|---|
| | | | പരിപാലന പദ്ധതി പ്രകാരം ആട്, കോഴി, പശുക്കുട്ടി എന്നിവയെ കാറ്റിൽ ഫീഡ് സഹിതം ഗുണഭോക്താക്കൾക്ക് നൽകി അവർ വളർത്തി വലുതാക്കി സൊസൈറ്റി ഒരു വില നിശ്ചയിച്ച് തിരിച്ച് വാങ്ങിക്കുന്ന രീതിയിൽ വനിത വികസന കോർപ്പറേഷൻ മുഖാന്തിരം ഒരു പദ്ധതി നടപ്പിലാക്കാനും പദ്ധതി ആവിഷ്കരിച്ചിരുന്നു.<br>3) ആലപ്പുഴ ജില്ലയിലെ നെടുമുടി ഗ്രാമ പഞ്ചായത്തിലെ 30 വനിതകൾക്ക് അർച്ചന ട്രെയിനിംഗ് സെന്റർ വഴി കെട്ടിട നിർമ്മാണത്തിൽ സൗജന്യ പരിശീലനം നൽകാനും ഇത്തരത്തിൽ പരിശീലനം ലഭ്യമാകുന്ന വനിതാ നിർമ്മാണ തൊഴിലാളികളെ ഹാബിറ്റാറ്റ്, നിർമ്മിതികേന്ദ്ര, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി തുടങ്ങിയ നിർമ്മാണ ഏജൻസികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാനും ലക്ഷ്യമിട്ട് ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു.<br>4) 60 വയസ്സ് മുതലുള്ള സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് പെട്ടിക്കട തുടങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി വനിത വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കാനും പദ്ധതി ആവിഷ്കരിച്ചിരുന്നു.<br>എന്നാൽ സർക്കാർ, പദ്ധതി പ്രവർത്തനങ്ങളുടെ തുകയിൽ കുറവ് വരുത്തിയതിനാൽ ടി പദ്ധതി നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയായ കൂടുതൽ പേർക്ക് ഗുണഫലം ലഭ്യമാകുംവിധം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ മതിയായ തുക വകയിരുത്തുന്ന മുറയ്ക്ക് പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**